**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 367 15.07.15 -ൽ മറുപടിക്ക്

# കുടിവെള്ള സ്രോതസ്സുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. **അബ്ദുറഹിമാൻ രണ്ടത്താണി**<br>ശ്രീ. **എം.ഉമ്മർ**<br>ശ്രീ. **പി.ബി. അബ്ദുൾ റസാക്**<br>ശ്രീ. **പി.ഉബൈദുള്ള** | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പുറപ്പെടുവിക്കാനിടയാക്കിയ സാഹചര്യം വിശദമാക്കുമോ; | (എ) ഉണ്ട്. ജലസ്രോതസ്സുകളെ ആധുനിക ജനസമൂഹം നിർദാക്ഷിണ്യം ചൂഷണം ചെയ്യുന്നതായും നദികളുടേയും ജലാശയങ്ങളുടേയും ശുചീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യാതൊരു കർമ്മ പദ്ധതിയും കാര്യക്ഷമമായി നടപ്പാക്കാറില്ലെന്നും കേരളത്തിൽ ഒരു ജലസംസ്കാരം ഉണ്ടാകാത്തതിനെപ്പറ്റിയും കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ചൂണ്ടികാട്ടിയിരുന്നു.<br>ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി വിവിധ സ്ഥാപനങ്ങൾ/ ഏജൻസികൾ/ സെല്ലുകൾ എന്നിവയുടെ ഏകോപിത പ്രവർത്തനങ്ങളുടെ അഭാവം ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് വിഘാതമാകുന്നുണ്ടെന്ന കാര്യവും മലിനീകരണവും ജലചൂഷണവും തുടർന്നാൽ ജീവജല ലഭ്യത ഇല്ലാതാകുന്ന വിപത്ത് ഒഴിവാക്കേണ്ടതുള്ളത് മുന്നിൽ കണ്ടും സർക്കാർ സംഘടിപ്പിച്ച ശില്പശാലകളുടെയും, നിയമസഭാതലത്തിൽ നടന്നിട്ടുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിലാണ്, സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള സർക്കാർ ഉത്തരവ് സ.ഉ.അച്ചടി നം.16/14/പരിസ്ഥിതി തീയതി 12.12.14 പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ വകുപ്പുകൾക്കും ഏജൻസികൾക്കുമാണ് ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുള്ളത്; | (ബി) | തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ആരോഗ്യ വകുപ്പ്, പോലീസ് വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർക്കാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) | ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും മോണിറ്ററിംഗിനുമായി എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകൾ തന്നെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി നേതൃത്വം നൽകണമെന്നും അതിനായി മലിനീകരണ നിയന്ത്രണ ബോർഡ്, സന്നദ്ധ സംഘടനകൾ എന്നിവരെ ഏകോപിപ്പിച്ച് ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ